**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3039** **13-07-2022 - ൽ മറുപടിയ്ക്ക്**

**തിരൂരിൽ റെയിൽവേ ഓവർബ്രിഡ്ജ് അപ്രോച്ച് റോഡിന് ഭരണാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂർ നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി തിരൂർ-പൊൻമുണ്ടം റെയിൽവേ ഓവർബ്രിഡ്ജിന്റെ പ്രവൃത്തി 2014-ൽ പൂർത്തീകരിച്ചിട്ടും അപ്രോച്ച് റോഡിന്റെ പ്രവൃത്തിക്ക് ഇതുവരെ ഭരണാനുമതി നൽകാത്തതുമൂലം പ്രസ്തുത പാലം ഗതാഗതയോഗ്യമാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | മംഗലാപുരം - ഷൊർണ്ണൂർ റെയിൽവേ ലൈനിനു കുറുകെ തിരൂർ മുനിസിപ്പാലിറ്റിയിലെ തിരൂർ - ചമ്രവട്ടം റോഡിലെ പോലീസ് ലൈനുമായി പൊൻമുണ്ടം ബൈപാസിനെ ഈ പാലം ബന്ധിപ്പിക്കുന്നു. പോലീസ് ലൈൻ - പൊൻമുണ്ടം ബൈപാസ് നിർമ്മാണം നാല് റീച്ചുകളിലാണ്. ഈ പാലം പൊൻമുണ്ടം ബൈപാസിന്റെ ആദ്യ റീച്ചിൽ വരുന്നു. റെയിൽവേ ക്രോസിംഗ് ഭാഗത്തിന്റെ നിർമ്മാണം ഇതിനകം തന്നെ സതേൺ റെയിൽവേ പൂർത്തീകരിച്ചിട്ടുണ്ട്. 7.5 മീറ്റർ കാരേജ് വേയും ഇരുവശങ്ങളിലുമായി. 1.55 മീറ്റർ വീതിയുമുള്ള ഫുട്പാത്തും ഉൾപ്പെടെ പാലത്തിന്റെ മൊത്തത്തിലുള്ള വീതി 12 മീറ്ററാണ്. തിരൂർ നഗരത്തിലെ കടുത്ത ഗതാഗതക്കുരുക്കിന് പരിഹാരമായി നിർദ്ദിഷ്ട പാലം വളരെയധികം പ്രയോജനകരമാകും. തിരൂർ പൊന്മുണ്ടം ആർ.ഒ.ബി സമീപന റോഡ് നിർമാണത്തിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 27.40 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിന് ഇതുവരെ ഭരണാനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | അപ്രോച്ച് റോഡിന്റെ പ്രവൃത്തിക്ക് ഭരണാനുമതി നൽകി പ്രസ്തുത റെയിൽവേ ഓവർബ്രിഡ്ജ് ഗതാഗത യോഗ്യമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ